(ഡി) ഹഡ്കോയിൽനിന്നും ലഭിച്ച വായ്പ ഉപയോഗിച്ച് പുതിയ ബസ്സുകൾ വാങ്ങുന്നതിന് നടപടി സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

പ്രാന്തപ്രദേശങ്ങൾക്ക് സഹായകമാകുന്ന തരത്തിൽ മിനി ബസ്സുകളുടെ ഷെഡ്യൂളുകൾ പുനഃക്രമീകരിക്കാൻ നടപടി

115 [3520] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. എത്ര മിനി ബസ്സുകൾ വാങ്ങിയിട്ടുണ്ട്;

(ബി) അവ ഏതൊക്കെ ഡിപ്പോകൾ മുഖേനയാണ് ഓപ്പറേറ്റ് ചെയ്യുന്നത്; ഓരോ ഡിപ്പോയും എത്ര ഷെഡ്യൂൾവീതം ഓപ്പറേറ്റ് ചെയ്യുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സർവ്വീസുകൾ ലാഭകരമാണോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) കൂടുതൽ മിനി ബസ്സുകൾ വാങ്ങാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) ദേശസാൽകൃത മേഖലകളിലെ പ്രാന്തപ്രദേശങ്ങൾക്ക് സഹായകമാകുന്ന തരത്തിൽ മിനി ബസ്സുകളുടെ ഷെഡ്യൂളുകൾ പുനഃക്രമീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 40 ബസ്സുകൾ.

(ബി) ഡിപ്പോകളുടെയും ഷെഡ്യൂളുകളുടെയും കണക്കുകൾ താഴെ ചേർക്കുന്നു:

പാപ്പനംകോട്	..	3
സിറ്റി	..	4
വികാസ്ഭവൻ	..	5
കാട്ടാക്കട	..	2
പത്തനാപുരം	..	7
നെടുമങ്ങാട്	..	2
പേരൂർക്കട	..	2
ആറ്റിങ്ങൽ	..	4
കൊട്ടാരക്കര	..	10
കോഴിക്കോട്	..	1
ആകെ	..	40

(സി) ഇക്കാര്യം പരിശോധിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ട്. നൂറു മിനി ബസ്സുകൾക്കു കൂടി ഓർഡർ നൽകിയിട്ടുണ്ട്.

(ഇ) പരിശോധിക്കുന്നതാണ്.

വോൾവോ ബസ്സിന്റെ പ്രതിമാസ പ്രവർത്തന ചെലവ്

116 [3521] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യുടെ ഓരോ വോൾവോ ബസ്സിന്റെയും ലോൺ തിരിച്ചടവ് എത്ര വീതമെന്ന് വെളിപ്പെടുത്തുമോ;

(ബി) ഓരോ ബസ്സിന്റെയും പ്രതിമാസ പ്രവർത്തന ചെലവ് (ശമ്പളം, ഇന്ധനം, അറ്റകുറ്റപ്പണികൾ ഉൾപ്പെടെ) എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഓരോ വോൾവോ ബസ്സിന്റെയും പ്രതിദിന ലോൺ തിരിച്ചടവ് 2873 രൂപാ വീതമാണ്.

(ബി) ഓരോ വോൾവോ ബസ്സിന്റെയും പ്രതിമാസ ചെലവ് താഴെ കൊടുക്കുന്നു:

ഇനം		ചെലവ്
ഫ്യൂവൽ	..	1,55,250
ടയർ	..	11,220
ടാക്സ്	..	9,000
മെയിന്റനൻസ്	..	12,450
ഇൻഷ്വറൻസ്	..	6,150
ശമ്പളം	..	42,000
റിപ്പയർ	..	1,800
ബാറ്ററി	..	360
വാഷിംഗ്	..	3,000
മൊബൈൽഫോൺ	..	690
ലോൺ പലിശ	..	48,000
ഡിപ്രീസിയേഷൻ	..	60,000
ആകെ	..	3,49,920

LIBRARY ARCHIVES Kerala Legislative Assembly